**മധുരമായ കുട്ടികളേ - ഇവിടെയുള്ള കോടികളൊന്നും നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല, എല്ലാം മണ്ണിൽ പൂണ്ടുപോകും, അതിനാൽ നിങ്ങൾ ഇപ്പോൾ സത്യഖണ്ഡത്തിലേക്ക് വേണ്ടി സത്യമായ സമ്പാദ്യം ചെയ്യൂ.**

**ചോദ്യം** – ഏതൊരു കാര്യം കാരണമാണ് നിങ്ങൾ ബ്രാഹ്മണരെ ദേവതകളേക്കാൾ ഉയർന്നവരായി കണക്കാക്കുന്നത്?
**ഉത്തരം** – നമ്മൾ ബ്രാഹ്മണർ ഇപ്പോൾ സർവ്വരുടേയും ആത്മീയ സേവനം ചെയ്യുകയാണ്. നമ്മൾ എല്ലാ ആത്മാക്കളേയും ബാബയുമായി കൂടിക്കാഴ്ച നടത്തിക്കുന്നു. ഈ പൊതു സേവനം ദേവതകൾക്ക് ചെയ്യാൻ കഴിയുകയില്ല. അവിടെ യഥാ രാജാ റാണി അതുപോലെയായിരിക്കും പ്രജകളും, ഇവിടെ എന്താണോ പുരുഷാർത്ഥം ചെയ്യുന്നത് അതിന്റെ പ്രാലബ്ധം അനുഭവിക്കും. ദേവതകൾ സേവനം ചെയ്യുന്നില്ല അതിനാൽ നിങ്ങൾ ദേവതകളെക്കാൾ ഉയർന്നവരാണ്.

**ഓം ശാന്തി**. ഇവിടെ ആരുടെ സഭയാണ് കൂടിയിരിക്കുന്നത്? ജീവാത്മാക്കളുടേയും പരമാത്മാവിന്റേയും. ശരീരം ഉള്ളവരെയാണ് ജീവാത്മാവ് എന്ന് പറയുന്നത്, അവരാണ് മനുഷ്യർ, അതുപോലെ ബാബയെ പരമാത്മാവ് എന്നും പറയുന്നു. ജീവാത്മാക്കളും പരമാത്മാവും അനേക കാലം വേർപിരിഞ്ഞിരുന്നു.....ഇതിനെ മംഗളമായ കൂടികാഴ്ച എന്നാണ് പറയുന്നത്. കുട്ടികൾക്ക് അറിയാം പരംപിതാ പരമാത്മാവിനെ ജീവാത്മാവ് എന്ന് പറയാൻ കഴിയുകയില്ല എന്തുകൊണ്ടെന്നാൽ ബാബ ഒരു ശരീരത്തെ ആധാരമാക്കുകയാണ് ചെയ്യുന്നത്. സ്വയം പറയുകയാണ് കുട്ടികളേ എനിക്കും ഈ പ്രകൃതിയുടെ ആധാരം ഉപയോഗിക്കേണ്ടി വരുന്നു. ഞാൻ ഗർഭത്തിലേക്ക് പ്രവേശിക്കുന്നില്ല. ഞാൻ ഇതിൽ പ്രവേശിച്ച് നിങ്ങൾക്ക് മനസ്സിലാക്കി തരുകയാണ്. നിങ്ങൾ ജീവാത്മാക്കൾക്ക് തന്റേതായ ശരീരമുണ്ട്. എനിക്ക് സ്വന്തമായി ശരീരമില്ല. അതിനാൽ ഇത് വേറിട്ട സഭ ആണല്ലോ. ഇവിടെ ഏതെങ്കിലും ഗുരുവോ, ശിഷ്യനോ, അനുയായിയോ ഇരിക്കുന്നില്ല. ഇല്ല, ഇത് വിദ്യാലയമാണ്. ഗുരുവിന് ശേഷം ആ സ്ഥാനത്ത് ആരാണ് ഇരിക്കുക എന്നൊന്നും ഇവിടെയില്ല. സീറ്റിന്റെ കാര്യമൊന്നുമില്ല. നിങ്ങളെ പഠിപ്പിക്കുന്നത് ആരാണെന്ന നിശ്ചയവും നിങ്ങൾക്ക് ഉണ്ട്. നിശ്ചയമില്ലാതെ ആർക്കും ഇവിടെ വരാൻ കഴിയുകയില്ല. ജീവാത്മാക്കളുടെ വർണ്ണം ബ്രാഹ്മണ വർണ്ണമാണ് എന്തുകൊണ്ടെന്നാൽ ബ്രഹ്മാവിലൂടെ പരംപിതാ പരമാത്മാവാണ് രചന രചിക്കുന്നത്. നിങ്ങൾക്ക് അറിയാം നമ്മൾ ബ്രാഹ്മണരാണ്, എല്ലാവരേക്കാളും സർവ്വോത്തമരാണ്, ദേവതകളേക്കാൾ ഉത്തമരാണ്. ദേവതകൾ ജനങ്ങളുടെ സേവനമൊന്നും ചെയ്യുന്നില്ല. അവിടെ യഥാ രാജാ റാണി തഥാ പ്രജാ എന്നാണ്, ആരാണോ പുരുഷാർത്ഥം ചെയ്യുന്നത് അതിനനുസരിച്ച് പ്രാലബ്ധം അനുഭവിക്കും. സേവനമൊന്നും ചെയ്യുന്നില്ല. ബ്രാഹ്മണരാണ് സേവനം ചെയ്യുന്നത്. കുട്ടികൾക്ക് അറിയാം നമ്മൾ പരിധിയില്ലാത്ത ബാബയിൽ നിന്ന് 5000 വർഷങ്ങൾക്ക് മുമ്പത്തേതു പോലെ രാജയോഗം അഭ്യസിക്കുകയാണ്. നിങ്ങൾ കുട്ടികളാണ്. ഇവിടെ ശിഷ്യരുടെ കാര്യമൊന്നുമില്ല. ബാബ ഇടയ്ക്കിടയ്ക്ക് കുട്ടികളേ കുട്ടികളേ എന്ന് പറഞ്ഞ് മനസ്സിലാക്കി തരുന്നുണ്ട്. നിങ്ങൾ ഇപ്പോൾ ആത്മാഭിമാനി ആയിരിക്കുകയാണ്. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്. ശരീരത്തെ വസ്ത്രം എന്നാണ് പറയാറുള്ളത്. ഇത് അഴുക്ക് നിറഞ്ഞ വസ്ത്രമാണ് എന്തുകൊണ്ടെന്നാൽ ആത്മാവ് ആസുരീയ മതത്തിലൂടെ വികാരങ്ങളിൽ പോകുന്നുണ്ട്, പതിതമാകുന്നുണ്ട്. വികാരത്തിൽ നിന്ന് തന്നെയാണ് പാവനം അല്ലെങ്കിൽ പതിതം എന്ന ശബ്ദങ്ങൾ വരുന്നത്. ബാബ പറയുകയാണ് ഇനി കൂടുതൽ പതിതമാകരുത്. ഇപ്പോൾ സർവ്വരും രാവണന്റെ ചങ്ങലകളിൽ കുടുങ്ങിയിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ ഇത് രാവണന്റെ രാജ്യമാണ്. അതിനാൽ ബാബ നിങ്ങളെ രാവണന്റെ രാജ്യത്തിൽ നിന്ന് മുക്തമാക്കി രാമന്റെ രാജ്യത്തിലേക്ക് കൊണ്ടു പോവുകയാണ്. ഗോഡ് ഫാദർ മുക്തി ദാതാവാണ്, പറയുകയാണ് ഞാൻ സർവ്വരേയും ദുഖത്തിൽ നിന്നും മോചിപ്പിച്ച് തിരിച്ച് ശാന്തിധാമത്തിലേക്ക് കൂട്ടി കൊണ്ടു പോകും. അവിടെ പോയി വീണ്ടും കുട്ടികൾക്ക് ആദ്യം മുതൽ തന്റെ പാർട്ട് ആവർത്തിക്കണം. ദേവതകളുടെ പാർട്ടാണ് ആദ്യമാദ്യം ആവർത്തിക്കപ്പെടുക. ആദ്യം അവരാണ് ഉണ്ടായിരുന്നത്. ഇപ്പോൾ വീണ്ടും ബ്രഹ്മാവിലൂടെ ആദി സനാതന ദേവി ദേവതകളുടെ ധർമ്മത്തിന്റെ സ്ഥാപന നടക്കണം. കലിയുഗത്തിന്റെ വിനാശം സമീപത്താണ് ഉള്ളത്. വളരെയധികം ഇരുട്ടിലാണ് കഴിയുന്നത്. കോടിപതികളായിരിക്കാം, ഇത് രാവണന്റെ വലിയ ഷോയാണ്, ഇതിൽ അത്യാർത്തി ഉള്ളവരായി കുടുങ്ങിയിരിക്കുകയാണ്. ബാബ മനസ്സിലാക്കി തരുകയാണ് ഇത് അസത്യമായ സമ്പാദ്യമാണ്, ഇതെല്ലാം മണ്ണിൽ ലയിച്ചു ചേരും. അവർക്ക് ഒന്നും സമർപ്പിക്കേണ്ട കാര്യമൊന്നുമില്ല. നിങ്ങൾ ഭാവിയിലെ 21 ജന്മങ്ങളിലേക്ക് ബാബയിൽ നിന്നും സമ്പത്തെടുക്കാൻ വന്നിരിക്കുകയാണ്. ഇത് സത്യഖണ്ഡത്തിലേക്കുള്ള സത്യമായ സമ്പാദ്യമാണ്. സർവ്വർക്കും തിരിച്ച് പോകണം. സർവ്വരുടേതും വാനപ്രസ്ഥ

അവസ്ഥയാണ്. ബാബ പറയുകയാണ് സർവ്വരുടേയും സദ്ഗതി ദാതാവ് ഒരു സദ്ഗുരുവായ ബാബയാണ്. സന്യാസിമാരുടേയും പതിതരുടേയും ഉദ്ധാരണം ഞാനാണ് ചെയ്യുന്നത്. ചെറിയ കുട്ടികൾക്ക് പോലും ശിവബാബയെ ഓർമ്മിക്കൂ എന്ന് പഠിപ്പിച്ചു കൊടുക്കണം. ബാക്കി എല്ലാ ചിത്രങ്ങളേയും മാറ്റിക്കോളൂ. ഒരു ശിവബാബ രണ്ടാമത് ആരുമില്ല.

നിങ്ങൾക്കറിയാം നമ്മൾ ബാബയിൽ നിന്നും പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് നേടാൻ വന്നിരിക്കുകയാണ്. പരിധിയുള്ള അച്ഛനിൽ നിന്നും പരിധിയുള്ള സമ്പത്ത് ജന്മജന്മങ്ങളായി നേടിയതാണ്, രാവണന്റെ ആസുരീയ മതത്തിലൂടെ പതിതമായി മാറി. മനുഷ്യർ ഈ കാര്യങ്ങളെയൊന്നും മനസ്സിലാക്കുന്നില്ല. രാവണനെ കത്തിക്കാറുണ്ട് അപ്പോൾ അത് കത്തി ഇല്ലാതാകണമല്ലോ. മനുഷ്യനെ കത്തിക്കുകയാണെങ്കിൽ അവരുടെ നാമവും രൂപവുമെല്ലാം ഇല്ലാതാകും. രാവണന്റെ പേരും രൂപവും ഇല്ലാതാകുന്നില്ല, വീണ്ടും വീണ്ടും കത്തിക്കുകയാണ്. ബാബ പറയുകയാണ് ഈ 5 വികാരങ്ങളാകുന്ന രാവണൻ 63 ജന്മങ്ങളിലെ ശത്രുവാണ്. ഭാരതത്തിന്റെ ശത്രു അർത്ഥം നമ്മുടേതാണ്. എപ്പോഴാണോ വാമമാർഗ്ഗത്തിലേക്ക് വന്നത് അപ്പോഴാണ് രാവണന്റെ ജയിലിൽ കുടുങ്ങിയത്. തീർച്ചയായും അരകല്പം രാവണന്റെ രാജ്യമാണ്. രാവണൻ കത്തുന്നുമില്ല, മരിക്കുന്നുമില്ല. ഇപ്പോൾ നിങ്ങൾക്ക് അറിയാം രാവണന്റെ രാജ്യത്തിൽ നമ്മൾ വളരെ ദു:ഖികളാണ്. ദു:ഖത്തിന്റേയും സുഖത്തിന്റേയും കളിയാണ് ഇത്. പാടുന്നുമുണ്ട് മായയോട് തോറ്റു, മായയോട് ജയിച്ചു......ഇപ്പോൾ മായയെ ജയിച്ച് നമ്മൾ വീണ്ടും രാമ രാജ്യം നേടുകയാണ്. രാമന്റേയും സീതയുടേയും രാജ്യം ത്രേതയിലാണ്. സത്യയുഗമാണ് ലക്ഷ്മി നാരായണന്റെ രാജ്യം. അവിടെ ആദി സനാതന ദേവി ദേവതാ ധർമ്മമാണ് ഉണ്ടായിരുന്നത്, അതിനെ ഈശ്വരീയ രാജ്യം എന്നാണ് പറയുക, അത് ബാബയാണ് സ്ഥാപിക്കുന്നത്. ബാബയെ ഒരിക്കലും സർവ്വവ്യാപി എന്ന് പറയാൻ കഴിയുകയില്ല. സഹോദര ബന്ധമുണ്ട്. ബാബ ഒന്നാണ് നിങ്ങൾ പരസ്പരം സഹോദര– സഹോദരരാണ്. ബാബയിരുന്ന് ആത്മാക്കളെയാണ് പഠിപ്പിക്കുന്നത്. ബാബയുടെ ആജ്ഞയാണ് എന്നെ ഓർമ്മിക്കണം. ഭക്തിയുടെ ഫലം നൽകാനാണ് ബാബ വന്നിരിക്കുന്നത്. ആർക്ക്? ആരാണോ ആദ്യം മുതൽ അവസാനം വരെ ഭക്തി ചെയ്തിരിക്കുന്നത് അവർക്ക്. ആദ്യമാദ്യം നിങ്ങൾ ഒരു ശിവബാബയുടെ ഭക്തിയാണ് ചെയ്തിരുന്നത്. സോമനാഥ ക്ഷേത്രം എത്ര ഉയർന്നതാണ്. നിങ്ങൾ ചിന്തിക്കണം നിങ്ങൾ എത്ര സമ്പന്നരാണ്. ഇപ്പോൾ ദരിദ്രരും കക്കക്കു തുല്യവുമായി മാറിയിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് 84 ജന്മങ്ങളുടെ സ്മൃതി വന്നിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ എന്തിൽ നിന്നും എന്തായി തീരും.

ഇപ്പോൾ നിങ്ങൾക്ക് സ്മൃതി ഉണർന്നിരിക്കുകയാണ്. സ്മൃതിലബ്ധാ എന്ന ശബ്ദവും ഇപ്പോഴത്തേതാണ്, ഇതിന്റെ അർത്ഥം ഭഗവാൻ വന്ന് സംസ്കൃതത്തിൽ ഗീത കേൾപ്പിച്ചുവെന്ന് കരുതരുത് .സംസ്കൃതത്തിൽ ആയിരുന്നെങ്കിൽ കുട്ടികൾക്ക് ഒന്നും മനസ്സിലാകില്ല. ഹിന്ദി ഭാഷ തന്നെയാണ് മുഖ്യമായത്. എന്താണോ ഈ ബ്രഹ്മാവിന്റെ ഭാഷ അതിലാണ് നിങ്ങൾക്കും മനസ്സിലാക്കി തരുന്നത്. കല്പ കല്പം ഈ ഭാഷയിലാണ് മനസ്സിലാക്കി തരുന്നത്. നിങ്ങൾക്ക് അറിയാം നമ്മൾ ബാപ്ദാദയുടെ സമീപത്താണ് ഇരിക്കുന്നത്. ഇത് വീടാണ് – ഇവിടെ മമ്മയും ബാബയും, സഹോദരൻമാരും സഹോദരിമാരുമാണ് ഉള്ളത്. ഇതല്ലാതെ വേറെ ഒരു സംബന്ധവുമില്ല. എപ്പോഴാണോ പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികളായത് അപ്പോഴാണ് സഹോദരി– സഹോദര സംബന്ധം വരുന്നത്. അല്ലെങ്കിൽ ആത്മാവിന്റെ സംബന്ധത്തിൽ സഹോദര– സഹോദരരാണ്. ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുകയാണ്. ആത്മാവിന് അറിയാം നമ്മുടെ ബാബ വന്നിട്ടുണ്ട്. നിങ്ങൾ ബ്രഹ്മാണ്ഡത്തിന്റെ അധികാരികളായിരുന്നു. ബാബയും ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്. ഏതുപോലെ ആത്മാവ് നിരാകാരിയാണോ അതുപോലെ പരമാത്മാവും നിരാകാരിയാണ്. പേര് തന്നെ പരംപിതാ പരമാത്മാവാണ് അർത്ഥം ഉയർന്നതിലും ഉയർന്ന ലോകത്തിൽ വസിക്കുന്ന ആത്മാവാണ്. പരമമായ ആത്മാവ് അർത്ഥം പരമാത്മാവ് എന്നാണ്. അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കും. ഇവിടെ ഏതെങ്കിലും സാധു സന്യാസി മഹാത്മാവൊന്നുമില്ല. മക്കളാണ്, അച്ഛനിൽ നിന്നും പരിധിയില്ലാത്ത  സമ്പത്ത് നേടുകയാണ്, അതല്ലാതെ വേറെയാർക്കും സമ്പത്ത് നൽകാൻ സാധിക്കുകയില്ല. സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുന്നത് ബാബയാണ്. ബാബ സദാ സുഖമാണ് നൽകുന്നത്. അല്ലാതെ സുഖവും ദു:ഖവും ബാബയാണ് നൽകുന്നത് എന്ന് പറയരുത്. അങ്ങനെ നിയമമില്ല. ബാബ സ്വയം പറയുകയാണ് ഞാൻ നിങ്ങൾ കുട്ടികളെ പുരുഷാർത്ഥം ചെയ്യിപ്പിക്കുകയാണ്, 21 ജന്മങ്ങളിലേക്ക് ദേവതയാകൂ. അപ്പോൾ സുഖദാതാവായില്ലേ, ദു:ഖത്തെ ഹരിച്ച് സുഖമാണ് നൽകുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം ദു:ഖം ആരാണ് നൽകുന്നത്? രാവണൻ. ഇതിനെ വികാരി ലോകം എന്നാണ് പറയുക. സ്ത്രീയും പുരുഷനും രണ്ടു പേരും വികാരികളാണ്. സത്യയുഗത്തിൽ രണ്ടുപേരും നിർവ്വികാരികളായിരുന്നു. ലക്ഷ്മി നാരായണന്റെ രാജ്യമായിരുന്നു. അവിടെ നിയമപൂർവ്വമാണ് രാജ്യം നടന്നിരുന്നത്. പ്രകൃതി പോലും നിങ്ങളുടെ ആജ്ഞയിലൂടെ നടന്നിരുന്നു. അവിടെ ഒരു ഉപദ്രവവും ഉണ്ടാകില്ല. നിങ്ങൾ കുട്ടികൾ സ്ഥാപനയുടെ സാക്ഷാ

ത്കാരം കണ്ടിട്ടുണ്ട്. തീർച്ചയായും വിനാശവും നടക്കും, ഹോളികയിൽ സ്വാംഗ് ഉണ്ടാക്കാറുണ്ടല്ലോ. ചോദിക്കുന്നുണ്ട് – ഇവരുടെ വയറിൽ നിന്നും എന്താണ് വരുക? അപ്പോൾ പറഞ്ഞു മൂസൽ (മിസൈൽ) എന്ന്. ശരിയായ കാര്യം നിങ്ങൾക്ക് അറിയാം. അവരുടെ സയിൻസ് എത്ര ശക്തിയുള്ളതാണ്. ബുദ്ധിയുടെ കാര്യമാണല്ലോ ഇത്. ശാസ്ത്രത്തിന് എത്രയാണ് അഹങ്കാരം. സുഖത്തിനു വേണ്ടി വസ്തുക്കളും വിമാനവുമെല്ലാം ഉണ്ടാക്കാറുണ്ട്. പിന്നീട് ഈ വസ്തുക്കളിലൂടെ വിനാശം നടക്കും. അവസാനം തന്റെ കുലത്തിന്റെ വിനാശം ചെയ്യും. നിങ്ങൾ ഗുപ്തമാണ്. നിങ്ങൾ ആരോടും യുദ്ധം ചെയ്യുന്നവരൊന്നുമല്ല, നിങ്ങൾ ആർക്കും ദു:ഖവും കൊടുക്കില്ല. ബാബ പറയുകയാണ് മനസ്സാ വാചാ കർമ്മണാ ആർക്കും ദു:ഖം കൊടുക്കരുത്. ബാബ എപ്പോഴെങ്കിലും ആർക്കെങ്കിലും ദു:ഖം കൊടുക്കുമോ? സുഖധാമത്തിന്റെ അധികാരിയാക്കുകയാണ്. നിങ്ങളും സർവ്വർക്കും സുഖം കൊടുക്കണം. ബാബ മനസ്സിലാക്കി തരുന്നുണ്ട് – ആര് എന്ത് വേണമെങ്കിലും പറഞ്ഞോട്ടെ, ശാന്തിയിൽ ഹർഷിതമുഖത്തോടെ കഴിയണം. യോഗത്തിലിരുന്ന് പുഞ്ചിരിച്ചു കൊണ്ട് കഴിയണം. നിങ്ങളുടെ യോഗബലത്തിലൂടെ അവരും ശാന്തരാകും. പ്രത്യേകിച്ചും ടീച്ചർമാരുടെ പെരുമാറ്റം വളരെ നല്ലതായിരിക്കണം. ആരോടും വെറുപ്പ് വെക്കരുത്. ബാബ പറയുകയാണ് എനിക്ക് ആരോടും വെറുപ്പ് ഇല്ല. അറിയുന്നുണ്ട് എല്ലാവരും പതിതരാണ്, ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതായണ്. അറിയുന്നുണ്ട് ഇവരുടെ പെരുമാറ്റം ഇങ്ങനെയായിരിക്കും. കഴിക്കുന്നതും കുടിക്കുന്നതും എത്ര അഴുക്കുള്ളതാണ്. സർവ്വർക്കും ജീവിതത്തിനോട് വളരെ സ്നേഹം ഉണ്ടായിരിക്കും. നമുക്കും ജീവിതത്തിനോട് വളരെ സ്നേഹമുണ്ട്. അറിയുന്നുണ്ട് ഇതിലൂടെ നാം ബാബയിൽ നിന്ന് സമ്പത്ത് നേടുകയാണ്. യോഗത്തിൽ കഴിയുന്നതിലൂടെ നിങ്ങളുടെ ആയുസ്സ് വർദ്ധിക്കും, വികർമ്മം കുറയും. ഭാവിയിലെ 21 ജന്മങ്ങളിലേക്ക് ആയുസ്സ് വർദ്ധിക്കും. പുരുഷാർത്ഥം ഇപ്പോഴാണ് ചെയ്യുന്നത് എന്നാൽ പിന്നീട് പ്രാലബ്ധം അനുഭവിക്കും. യോഗബലത്തിലൂടെ നമ്മൾ ആരോഗ്യമുള്ളവരാകും, ജ്ഞാനത്തിലൂടെ സമ്പന്നരാകും. ആരോഗ്യവും സമ്പത്തുമുണ്ടെങ്കിൽ സുഖവുമുണ്ടാകും. കേവലം സമ്പത്തുണ്ട് എന്നാൽ ആരോഗ്യമില്ലെങ്കിൽ സുഖമായി ജീവിക്കാൻ കഴിയുകയില്ല. എത്രയോ രാജാക്കന്മാരും, ധനവാൻമാരും രോഗികളായി, മുടന്തരായിട്ടുണ്ട്. അങ്ങനെയുള്ള വികർമ്മം ചെയ്തതു കൊണ്ടാണ് ഇതുപോലെ ആയി തീർന്നത് എന്ന് അവരെ കുറിച്ച് പറയും. ബാബ ധാരാളം കാര്യങ്ങൾ കേൾപ്പിക്കുന്നുണ്ട്, എന്നാൽ പുറത്ത് പോകുന്നതോടെ ഇവിടെ കേട്ടത് ഇവിടെ തന്നെ വെച്ച് പോകരുത്. അങ്ങനെ ആകരുത്. ധാരണ ചെയ്യണം, മറ്റൊന്നും ഓർമ്മ വരരുത്, ബാബയെ ഓർമ്മിക്കണം. ഉള്ളിൽ വളരെ ഗുപ്തമായി മഹിമ ചെയ്യണം. ബാബ അങ്ങ് വന്ന് പഠിപ്പിക്കുമെന്ന് എന്റെ മനസ്സിൽ ഉണ്ടായിരുന്നില്ല. നിരാകാരനായ പരംപിതാ പരമാത്മാവാണ് വന്ന് പഠിപ്പിക്കുന്നത് എന്ന് ഒരു ശാസ്ത്രത്തിലുമില്ല, എന്നാൽ ബാബാ ഇപ്പോൾ ഞങ്ങൾക്ക് മനസ്സിലായി. ബാബയ്ക്ക് പകരം കൃഷ്ണന്റെ പേര് എഴുതിയതിലൂടെ ഗീതയിൽ തെറ്റു വരുത്തി. കൃഷ്ണന്റെ ചരിത്രമൊന്നും ഉണ്ടാകില്ല. ഗീത ഈ സംഗമത്തിന്റെ ശാസ്ത്രമാണ്. അവർ അതിനെ ദ്വാപരത്തിലാണ് കാണിച്ചത്. അതിനാൽ ബാബ പറയുകയാണ് കുട്ടികളേ മറ്റു കാര്യങ്ങളെ ഉപേക്ഷിച്ച് പഠിപ്പിൽ ശ്രദ്ധിക്കണം. ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ, പഠിപ്പിൽ ശ്രദ്ധ ഇല്ലെങ്കിൽ സമയം പാഴാക്കുകയാണ്. നിങ്ങളുടെ സമയം വളരെ വിലപ്പെട്ടതാണ്. അതിനാൽ പാഴാക്കരുത്. ശരീരത്തിനു വേണ്ടി ജോലി ചെയ്യൂ. പക്ഷെ അനാവശ്യമായ കാര്യങ്ങളിൽ സമയം പാഴാക്കരുത്. നിങ്ങളുടെ ഓരോ നിമിഷവും വജ്രത്തെ പോലെ വിലപ്പെട്ടതാണ്. ബാബ പറയുന്നു മൻമനാഭവ . ആ സമയം നിങ്ങളുടെ ലാഭത്തിന്റേതായിരിക്കും, ബാക്കി സമയം പാഴാക്കുകയാണ്. എത്ര സമയം പാഴാക്കുന്നുണ്ട് എന്നതിന്റെ ചാർട്ട് വെക്കണം. മൻമനാഭവ എന്ന ശബ്ദവുമുണ്ടല്ലോ. അരകല്പം ജീവന്മുക്തിയിലായിരുന്നു പിന്നെ അരകല്പം ജീവൻബന്ധനത്തിലായി. സതോപ്രധാനം സതോ രജോ തമോവിലേക്ക് വന്നു പിന്നെ നമ്മൾ ജീവന്മുക്തരാവുകയാണ്. ആക്കി തീർക്കുന്നത് ബാബയാണ്. സർവ്വർക്കും ജീവന്മുക്തി ലഭിക്കുകയാണ്. താന്താങ്ങളുടെ ധർമ്മം അനുസരിച്ച് ആദ്യമാദ്യം സുഖം അനുഭവിക്കും പിന്നെ ദു:ഖവും. ആദ്യമായി പുതിയ ആത്മാക്കൾ വരും, അവർ ആദ്യം സുഖം അനുഭവിക്കും. ചിലരുടേയെല്ലാം മഹിമ പാടുന്നുണ്ട് കാരണം പുതിയ ജന്മമാണെങ്കിൽ അവരിൽ ശക്തി ഉണ്ടാകും. നിങ്ങളുടെ ഉള്ളിൽ സന്തോഷത്തിന്റെ വാദ്യം മുഴങ്ങണം. നമ്മൾ ബാപ്ദാദയുടെ അടുത്താണ് ഇരിക്കുന്നത്. ഇപ്പോൾ പുതിയ രചന നടക്കുകയാണ്. നിങ്ങളുടേത് സത്യയുഗത്തേക്കാളും ഉയർന്ന മഹിമയാണ് ഇപ്പോഴുള്ളത്. ജഗദംബ, ദേവിമാരെല്ലാം സംഗമത്തിലാണ് ഉണ്ടായിരുന്നത്. നിങ്ങൾക്ക് അറിയാം നിങ്ങളും ബ്രാഹ്മണരാണ് പിന്നെ പൂജക്ക് യോഗ്യരായ ദേവതകളാകും. പിന്നീട് നിങ്ങളുടെ ഓർമ്മചിഹ്നങ്ങൾ ക്ഷേത്രത്തിൽ പൂജിക്കും. നിങ്ങൾ ചൈതന്യ ദേവിമാരായി മാറുകയാണ്. അത് ജഡമാണ്. അവരോട് ചോദിക്കൂ ഇവർ എങ്ങനെയാണ് ദേവി ആയി മാറിയത്? ആരെങ്കിലും സംസാരിക്കാൻ വരുകയാണെങ്കിൽ പറഞ്ഞു കൊടുക്കണം അതായത് നമ്മൾ ബ്രാഹ്മണരായിരുന്നു പിന്നീട് ദേവതകളായതാണ്. നിങ്ങൾ ചൈതന്യത്തിലുണ്ട്. നിങ്ങൾ പറയുന്നുണ്ട് ഈ ജ്ഞാനം എത്ര ഫസ്റ്റ് ക്ലാസ്സാണ്. നിങ്ങൾ സ്ഥാപന ചെയ്യുകയാണ്. കുട്ടികൾ പറയുകയാണ് ബാബാ ഞങ്ങൾ ലക്ഷ്മി നാരായണനേക്കാൾ കുറഞ്ഞ പദവി നേടുകയില്ല, ഞങ്ങൾ പൂർണ്ണമായി സമ്പത്തെടുക്കും എന്നെല്ലാം. ഇത് വിദ്യാലയമാണ്. എല്ലാവരും പറ

യുന്നുണ്ട് പ്രാചീന രാജയോഗം പഠിക്കുകയാണ് ഞങ്ങൾ. യോഗത്തിലൂടെ ദേവി ദേവതകളാകും. ഇപ്പോൾ ശൂദ്രനിൽ നിന്നും ബ്രാഹ്മണനാവുകയാണ്. പിന്നെ ബ്രാഹ്മണനിൽ നിന്നും ദേവതയാകും. മുഖ്യമായത് ഓർമ്മയാണ്. ഓർമ്മയിലാണ് മായ വിഘ്നം ഉണ്ടാക്കുന്നത്. നിങ്ങൾ വളരെ പരിശ്രമം ചെയ്യുന്നുണ്ട്, എന്നിട്ടും ബുദ്ധി അങ്ങോട്ടും ഇങ്ങോട്ടും ഓടുകയാണ്. ഇതിലാണ് മുഴുവൻ പരിശ്രമവും. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1) ബാബയെ പോലെ സുഖദാതാവാകണം. മനസ്സാ വാചാ കർമ്മണാ ആർക്കും ദു:ഖം കൊടുക്കരുത്. സദാ ശാന്തചിത്തരായി ഹർഷിതമുഖരായിരിക്കണം.

2) അനാവശ്യമായ ചിന്തകളിൽ സമയത്തെ പാഴാക്കരുത്. ഉള്ളു കൊണ്ട് ബാബയുടെ മഹിമ ചെയ്യണം.

### വരദാനം:-ശ്രേഷ്ഠ മതപ്രമാണം ഓരോ കർമ്മവും കർമ്മയോഗിയായി ചെയ്യുന്ന കർമ്മ ബന്ധനമുക്തരായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ ഓരോ കർമ്മവും ശ്രേഷ്ഠ മതപ്രകാരം ചെയ്തുകൊണ്ട് പരിധിയില്ലാത്ത ആത്മീയ ലഹരിയിൽ ഇരിക്കുന്നത്, അവർ കർമ്മം ചെയ്തുകൊണ്ടും കർമ്മത്തിന്റെ ബന്ധനത്തിൽ വരികയില്ല, നിർമ്മോഹിയും സ്നേഹിയുമായിരിക്കും. കർമ്മയോഗിയായി കർമ്മം ചെയ്യുന്നതിലൂടെ അവരുടെയടുത്ത് ദു:ഖത്തിന്റെ അലകൾക്ക് വരാൻ സാദ്ധ്യമല്ല, അവർ സദാ സ്നേഹിയും വേറിട്ടവരുമായിരിക്കും. ഏതൊരു കർമ്മത്തിന്റെയും ബന്ധനം അവരെ അവക്ക് നേരെ ആകർഷിക്കുക സാദ്ധ്യമല്ല. സദാ അധികാരിയായി കർമ്മം ചെയ്യിപ്പിക്കുന്നു, അതിനാൽ ബന്ധനമുക്ത സ്ഥിതിയുടെ അനുഭവം ഉണ്ടാകുന്നു. അങ്ങനെയുള്ള ആത്മാവ് സ്വയവും സന്തുഷ്ടരായിരിക്കും മറ്റുള്ളവരെയും സന്തുഷ്ടരാക്കുന്നു.

### സ്ലോഗൻ:- അനുഭവങ്ങളുടെ അഥോറിറ്റിയാകൂ എങ്കിൽ ഒരിക്കലും ചതിക്കപ്പെടുകയില്ല.